# ജാമക്കാരൻ
# JAMAKKARAN

VOLUME - 3 Reg NO.TNBIL/2016/70171 ISSUE - 10

OCTOBER - 2019 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



കർത്താവിൻ പ്രിയരെ,

2019 സെപ്തംബർമാസ ജാമക്കാരനിൽ അന്യഭാഷാകുഴപ്പം എന്ന തലക്കെട്ടിൽ ഞാൻ പ്രസിദ്ധീകരിക്കുവാൻ പോകുന്ന പുസ്തകത്തിന്റെ ആദ്യത്തെ അദ്ധ്യായം എഴുതിയിരുന്നു. അത് എന്റെ അനേകം വായനക്കാർക്ക് സന്തോഷം പകർന്ന ഒരനുഭവം ആയിരുന്നു. അതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ഇപ്പോഴെങ്കിലും അതു പ്രസിദ്ധീകരിച്ചുതുടങ്ങിയല്ലോ എന്ന് ചിലരെങ്കിലും എന്നെ അറിയിച്ചു. അനേക വർഷങ്ങളായി എന്റെ വായനക്കാർ ഇതിനുവേണ്ടി കാത്തിരുന്നതുകൊണ്ടാണ് ഇങ്ങനെ ചില അഭിപ്രായങ്ങൾ അറിയിച്ചത്. ചില ദൈവ ദാസൻമാർ എനിക്കെഴുതിയത്, ഞങ്ങൾ ഈ വിഷയത്തിൽ ധാരാളം പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. എന്നാൽ ഡോക്ടർ എഴുതിയ കാര്യങ്ങൾ, വേദപുസ്തകഅടിസ്ഥാനത്തിലും പഴയനിയമചരിത്രത്തിന്റെ അടിസ്ഥാനത്തിലും അനേക വർഷങ്ങൾ ഗവേഷണം നടത്തിയതിന്റെ ഫലമായിട്ടാണ് എന്ന് ഞങ്ങൾക്ക് മനസ്സിലായി. ആദിമകാലത്തിൽ ശബ്ദവീചികളിലൂടെ പരസ്പരം ആശയവിനിമയം നടത്തിയതു മുതൽ പിന്നീട് ഭാഷ ഉണ്ടായതുവരെയുള്ള വിവരങ്ങൾ എഴുതിയത് ഞങ്ങളെ വിസ്മയിപ്പിച്ചു. അതിനുശേഷം ഉൽപത്തി പുസ്തകം തുടങ്ങി പ്രവാചകൻമാരുടെ പുസ്തകം വരെ അന്യഭാഷയുമായി ബന്ധപ്പെട്ട വിഷയങ്ങളെ താങ്കൾ എഴുതിയത് ഞങ്ങൾക്ക് വളരെയധികം പ്രയോജനകരമായിരുന്നു. പരിശുദ്ധാത്മാവ് ഒരു അദ്ധ്യാപകൻ എന്ന് വിശുദ്ധ വേദപുസ്തകം പറയുന്നു. താങ്കളെ ഒരു സഹ അദ്ധ്യാപകനായി പരിശുദ്ധാത്മാവ് ഉപയോഗിച്ചതിനായി ദൈവത്തെ സ്തുതിക്കുന്നു. സി.എസ്.ഐ, മാർത്തോമ, ലൂഥറൻ, പെന്തെക്കോസ്ത് തുടങ്ങിയ സഭകളിലുള്ള ജാമക്കാരൻ വായനക്കാർക്ക് താങ്കളെ ഒരു വേദപഠന അദ്ധ്യാപകനായി ഉപയോഗിച്ചതിന് ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. ഈ കത്തുകളെല്ലാം വായിച്ച ഞാനും, ഇതിലേക്കായി എന്നെ ഉപയോഗിച്ച ദൈവത്തെ സ്തുതിക്കുന്നു.

ജാമക്കാരൻ JAMAKKARAN

OCTOBER- 2019

- അന്യഭാഷാ കുഴപ്പം മുഴുവനും ജാമക്കാരൻ മാസികയിൽ പ്രസിദ്ധീകരിച്ചു കഴിയുന്നതുവരെ മറ്റു ലേഖനങ്ങളോ ദൈവവേലയെക്കുറിച്ചുള്ള ഫോട്ടോ വിവരങ്ങളോ ചോദ്യഉത്തരപംക്തികളോ മാസികയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് ഞാൻ തീരുമാനിച്ചു. പഴയ ജാമക്കാരനിൽ അന്യഭാഷയെക്കുറിച്ച് ചെറിയ ചെറിയ ഭാഗങ്ങളായി ഞാൻ പ്രസിദ്ധീകരിച്ചിരുന്നു. അവയെല്ലാം വായിച്ച പഴയ വായനക്കാർക്ക് ഈ വിഷയത്തെക്കുറിച്ച് ഇപ്പോൾ വീണ്ടും എഴുതുമ്പോൾ മുഷിച്ചിൽ തോന്നുന്നുണ്ടായിരിക്കും. എന്നാൽ പുതിയ വായനക്കാർ ധാരാളം വർദ്ധിച്ചതുകൊണ്ട്, അവരും ഈ വിഷയത്തെക്കുറിച്ച് അറിയണം എന്നു മനസ്സിലാക്കിക്കൊണ്ടാണ് ഞാൻ ഇപ്പോൾ ഈ വിഷയം വീണ്ടും എഴുതുന്നത്.
- 2019 സെപ്റ്റംബർമാസ ജാമക്കാരനിൽ അന്യഭാഷയെക്കുറിച്ചുള്ള ആദ്യ അദ്ധ്യായം പ്രസിദ്ധീകരിച്ചതിനെത്തുടർന്ന് എന്റെ വായനക്കാരിൽ പലരും തങ്ങൾ എനിക്ക് അയച്ചുതന്നിരുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കുകയുണ്ടായി. ഇനിയും ധാരാളം പേർക്ക് ഈ മാസിക പ്രയോജനപ്പെടണം എന്ന ആഗ്രഹത്തോടെയാണ് അവർ എല്ലാവരും തുക വർദ്ധിപ്പിച്ചത്. ഇതുതന്നെയാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എന്നു പറയുന്നത്. നിങ്ങളെ അതിനുവേണ്ടി പ്രേരിപ്പിച്ചതു തന്നെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. ദൈവത്തിന് സ്തോത്രം.
- നിങ്ങൾ ചോദിക്കുന്നതിനു മുൻപുതന്നെ നിങ്ങളുടെ ആവശ്യം ഇന്നതെന്ന് കർത്താവ് അറിയുന്നു എന്ന വേദവചന പ്രകാരം എന്റെ ദൈവവേലയ്ക്കും മാസികയുടെ പ്രസിദ്ധീകരണത്തിനുമുള്ള സാമ്പത്തിക ചെലവുകൾ വർദ്ധിക്കുന്തോറും അതിനുതക്കവണ്ണം സാമ്പത്തിക സഹായങ്ങൾ വർദ്ധിപ്പിക്കുന്നതിൽ കർത്താവ് നടത്തുന്ന ഇടപെടലുകൾക്ക് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.
- സെപ്റ്റംബർമാസ ജാമക്കാരൻ വെബ്സൈറ്റിലും ഇ-മെയിലിലും വായിച്ചറിഞ്ഞതിൽകൂടി ധാരാളം പുതിയ വായനക്കാരെ ദൈവം എനിക്കുതന്നു. ക്രിസ്തീയ ലൈബ്രറികൾക്കും ബൈബിൾ കോളേജുകൾക്കും അയച്ചുകൊണ്ടിരുന്ന ഓരോ കോപ്പികൾക്കു പകരമായി 6 വീതം കോപ്പികൾ കൂടുതലായി അയച്ചുതരണമെന്ന് അവർ ആവശ്യപ്പെടുന്നു. ദൈവനാമം മഹത്വപ്പെടട്ടെ.
- നിങ്ങൾ അയച്ചുതന്ന എല്ലാ സാമ്പത്തിക സഹായങ്ങൾക്കും നന്ദി അർപ്പിക്കുന്നു.
- എന്റെ ഗുജറാത്ത് ദൈവവേല വളരെ അനുഗ്രഹപ്രദമായിരുന്നു. ഇനി തമിഴ്നാട്ടിലും, കേരള, കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന സംസ്ഥാനങ്ങളിലും ക്രമീകരിക്കപ്പെട്ട എല്ലാ യോഗങ്ങളിലും തീരുമാനിക്കപ്പെട്ട തീയതികളിൽ പങ്കെടുക്കും.
- വടക്കേ ഇൻഡ്യ ദൈവവേലയ്ക്കായി പോയിരുന്നതുകൊണ്ട് നിങ്ങൾ അയച്ച ധാരാളം കത്തുകൾക്കും മെയിലുകൾക്കും മറുപടി അയച്ചില്ല. യഥാസമയം നിങ്ങളുടെ എല്ലാ കത്തുകൾക്കും പ്രാർത്ഥിച്ച് മറുപടി അയയ്ക്കും. ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ

Dr. പുഷ്പരാജ

# അന്യഭാഷാകുഴപ്പം

**2**



*പ്രസാധകൻ :*

***Dr.* പുഷ്പരാജ്**

**ഒരു ജാമക്കാരൻ പ്രസിദ്ധീകരണം**

(*പ്രസാധകൻ : **Dr.*** **പുഷ്പരാജ്,** സേലം–5)

**പ്രസാധക കുറിപ്പ്**

തമിഴ്നാട്ടിൽ കള്ളദൈവവേലക്കാരുടെ കൂട്ടം ധാരാളം ഉണ്ട്. അവർ ഡോ. പുഷ്പരാജ് ആയ എന്നെക്കുറിച്ച് എഴുതുമ്പോഴും സംസാരിക്കുമ്പോഴും, ഡോ. പുഷ്പരാജ് അവർകൾക്ക് പരിശുദ്ധാത്മാവിന്റെ അനുഭവം ഇല്ല എന്നും അദ്ദേഹം പരിശുദ്ധാത്മാവിന് വിരോധമായി സംസാരിക്കുന്ന ആളാണ് എന്നും പറഞ്ഞുകൊണ്ടേയിരിക്കുന്നു. അതുകൊണ്ട് പെന്തുക്കോസ്ത് സഭകളിലെ ആരും ജാമക്കാരൻ മാസിക വായിക്കുവാൻ പാടില്ല എന്നും, ആരെങ്കിലും വായിച്ചാൽ അവർക്ക് ദൈവീകശാപം വരും എന്നും അവരെ ഭീഷണിപ്പെടുത്തിവച്ചിരിക്കുന്നു. ഇവരെല്ലാം 1 കൊരി :14:1–ാം വചനപ്രകാരം ഞങ്ങൾ അന്യഭാഷ സംസാരിക്കുന്നു എന്നു അന്യഭാഷയിൽ ദൈവത്തോടു സംസാരിക്കുന്നു എന്നും പറഞ്ഞ് വിശ്വാസികളെ വിശ്വസിപ്പിക്കുന്നു. പക്ഷേ, തങ്ങൾ സംസാരിക്കുന്ന ഭാഷ, അത് യഥാർത്ഥ ഭാഷയാണോ, ആ ഭാഷയ്ക്ക് അർത്ഥമുണ്ടോ എന്നുപോലും ചിന്തിക്കുവാൻ ഇഷ്ടപ്പെടുന്നില്ല.

## അന്യഭാഷ സംസാരിക്കുവാൻ ശ്രമിച്ച

## എന്റെ ആരംഭകാല അനുഭവം

1964–ാം വർഷം ഞാൻ രക്ഷിക്കപ്പെട്ടു. അതിനുശേഷം എന്റെ മാനസാന്തര അനുഭവത്തിന്റെ സാക്ഷ്യം തെരുവീഥികളിൽ അറിയിച്ച ആരംഭകാലം. അന്ന് എനിക്ക് പ്രാർത്ഥിക്കുന്ന ആത്മീയകൂട്ടായ്മ ഉണ്ടായിരുന്നു. ഉന്നത ഉദ്യോഗസ്ഥന്മാർ അടങ്ങിയ അഞ്ചാറുപേർ ആത്മീയ സുഹൃത്തുകളായി ഓരോ വ്യാഴാചയും സ്കൂൾ മൈതാനത്തിൽ ഒത്തുചേർന്ന് ഞങ്ങൾ പ്രാർത്ഥിക്കും. ആ കൂട്ടായ്മയിൽ വചനങ്ങളെക്കുറിച്ചും പരസ്പരം പങ്കുവച്ച് സംസാരിക്കും. രാത്രി ഏഴുമണിയോടെയാകും ഓരോരുത്തരും അവരവരുടെ ഭവനങ്ങളിലേയ്ക്ക് മടങ്ങിപോകുന്നത്. ഞങ്ങളുടെ കൂട്ടായ്മയിൽ രണ്ടുപേർ മാത്രം പ്രാർത്ഥനാമദ്ധ്യേ അന്യഭാഷയിൽ സംസാരിക്കുമായിരുന്നു. അവരോട് ഞാൻ ചോദിക്കും, നിങ്ങൾമാത്രം വേറെ ഭാഷയിൽ സംസാരിക്കുന്നത് എങ്ങനെ? അതിന് അവർ തന്ന മറുപടി, ഇത് പരിശുദ്ധാത്മാഭിഷേകത്തിന്റെ ഉയർന്ന അനുഭവം ആകുന്നു. എനിക്കും ഈ ഉയർന്ന പരിശുദ്ധാത്മാഭിഷേകത്തിന്റെ അനുഭവം കിട്ടുമോ എന്നു ഞാൻ അവരോടു ചോദിച്ചു. അതിന് അവർ നൽകിയ മറുപടി, തീർച്ചയായും നിങ്ങൾക്കും കിട്ടും എന്നാണ്. പക്ഷേ, നിങ്ങൾ സി.എസ്.ഐ. ക്കാരൻ ആയതുകൊണ്ട് നിങ്ങൾക്കുകിട്ടുകയില്ല. പക്ഷേ, നിങ്ങൾ ഞങ്ങളുടെ സഭയ്ക്ക് വന്നാൽ തീർച്ചയായിട്ടും നിങ്ങൾക്ക് അന്യഭാഷയിൽ സംസാരിക്കാം. അപ്പോൾ, നിങ്ങളുടെ സഭ ഏതാണെന്ന് ഞാൻ അവരോട് ചോദിച്ചു. **'സിലോൺ പെന്തെക്കോസ്ത് സഭ'** എന്ന് അദ്ദേഹം മറുപടി തന്നു. (ഇപ്പോൾ ആ സഭ ***TPM*** എന്ന പേരിൽ അറിയപ്പെടുന്നു.***TPM : The Pentecostal Mission***).

ഒരുദിവസം അവരുടെ ആരാധനയിൽ പങ്കെടുക്കണം എന്ന ആഗ്രഹത്തോടെ ***TPM*** സഭയിൽ കടന്നുപോയി. അന്നത്തെ കാലത്തിൽ (1964) ഞങ്ങളുടെ സേലം (തമിഴ്നാട്) എന്ന സ്ഥലത്ത് ***CPM (Cylon Pentecostal Mission)*** അല്ലാതെ മറ്റൊരു പെന്തെക്കോസ്തു സഭകളും ഉണ്ടായിരുന്നില്ല.

ആ *CPM* സഭ ഒരു ചെറിയ ഭവനത്തിൽ വച്ചാണ് ആരാധന നടത്തിക്കൊണ്ടിരുന്നത്. ഞാനും ഒരു ഞായറാഴ്ച ആരാധനയിൽ അവിടെ കടന്നുചെന്ന് അവരുടെ ആരാധനയിൽ സംബന്ധിച്ചു. ആരാധനയിൽ വളരെ നല്ല ഗാനങ്ങൾ ആലപിക്കപ്പെട്ടു. അന്നത്തെ വചന പ്രഘോഷണവും സി.എസ്.ഐ. സഭകളെക്കാളും വളരെ മെച്ചപ്പെട്ടതായിരുന്നു. ആരാധന കഴിഞ്ഞതിനുശേഷം ഞാൻ പാസ്റ്ററുടെ അടുക്കലേയ്ക്ക് കടന്നുചെന്നു. ഞാൻ ഒരു ഡോക്ടർ എന്ന കാര്യം നേരത്തെ തന്നെ അദ്ദേഹം അറിഞ്ഞിരുന്നു. ആ സഭയിലെ ഒരു കുടുംബം എന്റെ അയൽവാസി ആയിരുന്നു. അവർ മുഖാന്തരം ആയിരിക്കാം ആ പാസ്റ്റർ ഈ വിവരം അറിഞ്ഞത്. എന്നെ കണ്ടതും പാസ്റ്റർ എന്നോട് പറഞ്ഞത്, ഡോക്ടർ, താങ്കളെ ഞങ്ങളുടെ സഭയിൽ കണ്ടതിൽ വളരെയധികം സന്തോഷമുണ്ട്. ഡോക്ടർ ഇനി ആ ചത്ത സി.എസ്.ഐ. സഭയിൽ പോകുവാൻ പാടില്ല. അപ്പോൾ ഞാൻ അദ്ദേഹത്തോട്, എനിക്കും പരിശുദ്ധാത്മാഭിഷേകവും അന്യഭാഷയും വേണം എന്ന് ആവശ്യപ്പെട്ടു. അതിന് പാസ്റ്ററുടെ മറുപടി ഇതായിരുന്നു: നിങ്ങൾക്ക് പരിശുദ്ധാത്മാഭിഷേകവും അന്യഭാഷാവരവും ലഭിക്കണമെങ്കിൽ, നിങ്ങൾ, **ശനിയാഴ്ച** വൈകുന്നേരത്തെ **കാത്തിരിപ്പു ആരാധനയിൽ** പങ്കുകൊള്ളണം, അപ്പോൾ നിങ്ങൾക്ക് പരിശുദ്ധാത്മാഭിഷേകവും അന്യഭാഷാവരവും ലഭിക്കും. ഉടനെ ഞാൻ ഞായറാഴ്ച ആരാധനയിൽ പരിശുദ്ധാത്മാവ് കടന്നുവരികയില്ലയോ? അപ്പോൾ എനിക്ക് ഈ അഭിഷേകം ലഭിക്കുകയില്ലയോ എന്ന് പാസ്റ്ററോട് ചോദിച്ചു. അതിന് അദ്ദേഹം നൽകിയ മറുപടി, അങ്ങനെയല്ല ഡോക്ടർ, ശനിയാഴ്ച കാത്തിരിപ്പു യോഗത്തിൽവേദവചനങ്ങൾ പഠിപ്പിച്ചതിനുശേഷം ഞങ്ങൾ പ്രാർത്ഥിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ അഭിഷേകവും അന്യഭാഷയും നിങ്ങൾക്കും കിട്ടും എന്നു പറഞ്ഞു. അങ്ങനെയെങ്കിൽ അവരുടെ ശനിയാഴ്ചത്തെ കാത്തിരിപ്പുയോഗത്തിൽ പോകണമെന്ന് ഞാനും തീരുമാനിച്ചു.

ഒരു ശനിയാഴ്ച ദിവസം ഉച്ചയ്ക്കുശേഷം ആശുപത്രിയിൽ നിന്നും അവധിയും വാങ്ങി ഞാൻ അവരുടെ കാത്തിരുപ്പുയോഗത്തിൽ കടന്നുചെന്നു. അവിടെ ചെന്നപ്പോൾ, പാസ്റ്റർ പറഞ്ഞതുപോലെ വേദപഠനമൊന്നും അവിടെ നടന്നില്ല. അവിടെ ഞാൻ കണ്ട കാഴ്ച, പുതിയ കുറെ വിശ്വാസികൾ രണ്ടുപേർവീതം അടുത്തടുത്തിരുന്നു കൈകൾ തട്ടിക്കൊണ്ട് സ്തോത്രം, സ്തോത്രം എന്ന് ഉച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു. കൈയ്യടികൾക്കൊപ്പം ശരീരത്തേയും വിറപ്പിച്ചുകൊണ്ട് ആടുവാനും തുള്ളുവാനും തുടങ്ങി. ചിലർ കൈയടിച്ച്, സ്തോത്രം പറഞ്ഞ് നിലവിളിക്കുവാൻ തുടങ്ങി. രണ്ടു പാസ്റ്റർമാർ അങ്ങോട്ടും ഇങ്ങോട്ടും നടന്നു കൊണ്ടേയിരുന്നു. ആ പാസ്റ്റർമാർ പറഞ്ഞതുകേട്ട് ഞാൻ അതിശയിച്ചു. ഈ സ്തോത്രം ഇങ്ങനെ ശബ്ദം കുറച്ച് പറഞ്ഞാൽ അന്യഭാഷാ അഭിഷേകം കിട്ടുകയില്ല. ഇനിയും വേഗം, ഇനിയും വേഗത്തിൽ എന്ന് അവർ പറഞ്ഞു കൊണ്ടേയിരുന്നു. ഡ്രം അടിക്കുന്നവർ, വേഗത്തിൽ അടിക്കുവാൻ തുടങ്ങി. അൽപസമയത്തിനുശേഷം, **തോതോതോതോതോതോ** എന്ന് ഓരോരുത്തരുടേയും നാവിൽ നിന്നും ശബ്ദം പുറത്തേക്കുവരാൻ തുടങ്ങി. ഉടനെ തന്നെ രണ്ടു പാസ്റ്റർമാർക്കും അന്യഭാഷ ലഭിച്ചു, അഭിഷേകം ലഭിച്ചു, ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ എന്ന് ഉച്ചത്തിൽ പറയുവാൻ തുടങ്ങി. അവിടെ പ്രാർത്ഥിച്ചുകൊണ്ടിരുന്ന പലർക്കും വിറയലും വിയർപ്പും ഉണ്ടായി. പലരുടേയും ശബ്ദവും നിലച്ചു. ഉടൻതന്നെ പാസ്റ്റർമാർ അന്യഭാഷ ലഭിച്ചവർ എല്ലാവരും എഴുന്നേറ്റ് പുതിയ വരിയിൽ പോയി മുട്ടുകുത്തി പ്രാർത്ഥിക്കുവാൻ പറഞ്ഞു. അഭിഷേകം ലഭിക്കാത്തവർ, ഇനി സ്തോത്രം പറയണ്ട **യേശുവിൻ രക്തം ജയം, യേശുവിൻ രക്തം ജയം** എന്ന് വേഗത്തിൽ പറയുവാൻ പറഞ്ഞു. ഇത് കണ്ടുകൊണ്ടിരുന്ന എനിക്ക് നല്ല വണ്ണം അറിയാം, യേശുവിൻ രക്തം ജയം എന്ന വാക്കിനെ വേഗത്തിൽ പറഞ്ഞാൽ നാക്കു കുഴഞ്ഞ് ഒരു പ്രത്യേക ശബ്ദം വായിൽ നിന്നും പുറത്തുവരും എന്ന്. അതിനെയാണ് ഭാഷയെന്ന് ഇക്കൂട്ടർ സർട്ടിഫിക്കറ്റ് കൊടുത്ത് ആ വിശ്വാസികളെ വിശുദ്ധ മേശയ്ക്ക് (തിരുവത്താഴം)

അനുവദിക്കുന്നത്. ഇത് എത്ര വലിയ ചതിയാണ്. പരിശുദ്ധാത്മാവിന്റെ പേരുപറഞ്ഞ് ഇവരെല്ലാം കളിക്കുന്നു. ഇതിനാൽ ഇവർക്കുണ്ടാകുവാൻ പോകുന്ന ആപത്ത് എത്ര വലുതാണെന്ന് പാസ്റ്റർമാർ മനസ്സിലാക്കിയിട്ടില്ല. അതിനെക്കുറിച്ച് ഒരു ഭയവും അവർക്കില്ല. പല പെന്തെക്കോസ്ത് സഭകളിലും വിശ്വാസികളുടെ മക്കൾക്ക് ചെറുപ്പത്തിലേ അന്യഭാഷ സംസാരിക്കുവാൻ പഠിപ്പിച്ചുകൊടുക്കുന്നു. ഞാൻ ഈ ഭ്രാന്തൻമാരുടെ കൂട്ടത്തിൽ ഉൾപ്പെടാതെ ദൈവം എന്നെ രക്ഷപ്പെടുത്തിയല്ലോ എന്ന് മനസ്സിൽ വിചാരിച്ച് ദൈവത്തെ സ്തുതിച്ചുകൊണ്ട് വീട്ടിലേയ്ക്ക് മടങ്ങി വന്നു. ഇത് വായിക്കുന്ന പെന്തെക്കോസ്തു സഭാവിശ്വാസികൾ പാസ്റ്റർമാർ ദയവായി ചിന്തിക്കണം. ഞാൻ ആ കാത്തിരിപ്പുയോഗത്തിൽ, അവർ സംസാരിച്ച അന്യഭാഷയെ, അത് വ്യാജമാണ്, വായ് കുഴഞ്ഞ് ഉണ്ടാകുന്ന ശബ്ദമാണ് എന്ന് ചിന്തിച്ചതിൽ തെറ്റുണ്ടോ? അതിനുശേഷം ഞാൻ ഇൻഡ്യയിൽ ഏതു പുതിയ ജില്ലകളിൽ പോയാലും വിദേശങ്ങളിൽ സുവിശേഷവേലയ്ക്ക് പോയാലും ഒരുദിവസം അവിടത്തെ ഏതെങ്കിലും ഒരു പെന്തെക്കോസ്തു സഭകളിൽ കടന്നുചെന്ന് അവിടത്തെ രീതികൾ നോക്കും. ഈ വിഷയങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഞാൻ ഇൻഡ്യയിലെ സി.പി.എം. സഭയിലെ 4 പ്രമുഖൻമാരിൽ ഒരാളായ ചെന്നൈയിലെ സീനിയർ പാസ്റ്റർക്ക് കത്തെഴുതുകയുണ്ടായി. അദ്ദേഹത്തിന്റെ പേര് പാസ്റ്റർ രാജൻ. അദ്ദേഹം പേരു കേട്ട കൺവെൻഷൻ പ്രാസംഗികനാണ്. ഞാൻ ശനിയാഴ്ച കാത്തിരിപ്പു യോഗത്തിൽ കണ്ട വികൃതികൾ വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ശരിയാണോ? എന്ന് അദ്ദേഹത്തോട് ചോദിച്ചു. അതിന് അദ്ദേഹം വളരെ ഗൗരവമായി തന്നെ എനിക്ക് മറുപടിയും എഴുതി. ഡ്രം വേഗത്തിൽ അടിക്കുന്നതോ പാട്ടുകൾ വളരെ വേഗത്തിൽ ഉച്ചത്തിൽ പാടി, അതിന്റെ ഉച്ചാവസ്ഥയിൽ അന്യഭാഷ സംസാരിക്കുന്നതോ വചനാനുസരണമല്ല, മറിച്ച വചന വിരുദ്ധമാണ്. ഞങ്ങളുടെ സഭകളിലും അതുപോലെ തെറ്റുകൾ സംഭവിക്കുന്നത് എനിക്കറിയാം എന്ന് കുറ്റം സമ്മതിച്ച് അദ്ദേഹം എനിക്കെഴുതിയ കത്ത് അതിന്റെ ഫോട്ടോകോപ്പിയെടുത്ത് ഞാൻ ജാമക്കാരനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**മറ്റൊരു വ്യക്തിയുടെ അന്യഭാഷാ അനുഭവം**

ഒരു സി.എസ്.ഐ. വിശ്വാസിയായ ബിരുദാനന്തര ബിരുദക്കാരൻ, ***IPC*** വിശ്വാസിയായ തന്റെ ഭാര്യയെ ഓരോ ഞായറാഴ്ചയും അവരുടെ സഭയിലെ ആരാധനയിൽ കൊണ്ടുപോയി വിട്ടതിനുശേഷം താനും മക്കളും സി.എസ്.ഐ. സഭയിൽ ആരാധനയ്ക്കു പോകുമായിരുന്നു. ഇത് അവരുടെ വിവാഹത്തിന് മുൻപ് തന്നെ അവരെടുത്ത ഒരു പരസ്പര ധാരണയുടെ അടിസ്ഥാനത്തിലായിരുന്നു. രണ്ടുപേരും അവരവരുടെ സഭകളിൽ പോകുന്നതിന് ഒരാൾ മറ്റൊരാളെ തടയാൻ പാടില്ല.

ചില വർഷങ്ങൾക്കുശേഷം ഒരിക്കൽ ***IPC*** സഭയിൽ ഒരു കൺവെൻഷൻയോഗം നടക്കുകയുണ്ടായി. അതിൽ ഇവർ കുടുംബമായി സംബന്ധിച്ചു. അദ്ദേഹം പറഞ്ഞത്, ഞാനും എന്റെ മക്കളും കുടുംബമായിട്ട് ഭാര്യയുടെ സഭയിലെ കൺവെൻഷനിൽ പങ്കെടുത്തത് ഭാര്യയ്ക്ക് വലിയ സന്തോഷം ഉണ്ടാക്കി എന്നാണ്. അതിനാൽ ഞങ്ങളുടെ കുടുംബത്തിലും ഒരു പുതിയ സന്തോഷം ഉണ്ടായി. മാസത്തിൽ 3 ആഴ്ചകൾ ഭാര്യയുടെ സന്തോഷത്തിനുവേണ്ടി ഭാര്യയുടെ സഭയിൽ ആരാധനയ്ക്ക് പോകുവാൻ തുടങ്ങി. ഭാര്യയുടെ ***IPC*** സഭയിൽ പഴയ പാസ്റ്റർ മാറി പോവുകയും പുതിയ പാസ്റ്റർ ചാർജ് എടുക്കുകയും ചെയ്തു. പുതിയ പാസ്റ്ററുടെ പാട്ടും പ്രസംഗവും എന്നെ വളരെയധികം ആകർഷിച്ചു. ഇപ്പോൾ എല്ലാ ആഴ്ചയിലും ഞാനും മക്കളും ഭാര്യയോടൊപ്പം അവളുടെ സഭയിൽപോയി ആരാധിക്കുവാൻ തുടങ്ങി. ഇപ്പോൾ ഞാൻ സി.എസ്.ഐ, സഭയിൽ പോകാറേയില്ല. എങ്കിലും മാസവരി, എല്ലാ മാസവും മുടങ്ങാതെ കൊടുക്കുമായിരുന്നു. ***IPC*** സഭയിൽ എല്ലാവരും നിലത്തിരുന്നാണ് ആരാധിക്കുന്നത്. എന്റെ ചുറ്റിലും ഉള്ളവരെല്ലാം പ്രാർത്ഥനാസമയത്ത് അന്യഭാഷയിൽ സംസാരിക്കും. ഞാൻ മാത്രം മൗനമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കും. വർഷങ്ങൾ കടന്നുപോയി. ഒരു ദിവസം ഞാൻ അപ്രതീക്ഷിതമായി ഞാൻ അറിയാത്ത ഒരു ഭാഷയിൽ സംസാരിച്ചു. ഈ അനുഭവത്തെ ഞാൻ എന്റെ ഭാര്യയോട് പങ്കുവച്ചപ്പോൾ, എന്റെ ഭാര്യ എന്നെ,

മുമ്പത്തെക്കാൾ സ്നേഹിച്ചു. എന്റെ കുടുംബത്തിൽ വളരെ സമാധാനവും സന്തോഷവും ലഭിച്ചു. കഴിഞ്ഞ ഒന്നരവർഷമായിട്ട് ഞാൻ അന്യഭാഷയിൽ തുടരെ സംസാരിച്ചുകൊണ്ടിരിക്കുന്നു.

ഇപ്പോൾ ഞാൻ ഡോ. പുഷ്പരാജിന്റെ അടുക്കൽ വന്നതിന്റെ പ്രത്യേക ആവശ്യം ഞാൻ സംസാരിച്ച അന്യഭാഷയുടെ അർത്ഥം എന്താണെന്ന് ഡോക്ടറോടും ചേദിച്ചറിയുവാൻ വേണ്ടിയാണ്. ഞങ്ങൾ വർഷങ്ങളായി ജാമക്കാരൻ വായനക്കാരാണ്. ഇപ്പോൾ എന്റെ ചോദ്യം ഇതാണ്. ഞാൻ സംസാരിച്ച അന്യഭാഷ, എന്നെ ആരും പഠിപ്പിച്ചതല്ല. ഞാനായിട്ട് പറഞ്ഞതാണ്. ഇപ്പോഴും സംസാരിച്ചുകൊണ്ടിരിക്കുന്നു. എന്താണ് താങ്കളുടെ അഭിപ്രായം?

ഞാൻ അദ്ദേഹത്തോട് പറഞ്ഞത് സഹോദരാ, നിങ്ങൾ സംസാരിച്ച അന്യഭാഷ എന്താണെന്നാണ് നിങ്ങളുടെ മനസ്സാക്ഷിയുടെ അടിസ്ഥാനത്തിൽ എനിക്കു പറഞ്ഞുതരിക. അതിന് അദ്ദേഹം പറഞ്ഞമറുപടി: ഡോക്ടറേ, അതു തന്നെയാണ് എനിക്കും മനസ്സിലാകാത്തത്. അതിൽ ഒരു വ്യക്തത വരുത്താനാണ് ഞാൻ ഡോക്ടറുടെ അടുക്കൽ വന്നത്.

അതിന് ഞാൻ പറഞ്ഞ മറുപടി : സഹോദരാ, ആദ്യം നമുക്കു രണ്ടുപേർക്കും ഒരു നിമിഷം ദൈവത്തോട് പ്രാർത്ഥിക്കാം. അതിനുശേഷം ഇതിനെക്കുറിച്ച് സംസാരിക്കുന്നത് നല്ലതായിരിക്കും. തുടർന്ന് ഞങ്ങൾ രണ്ടുപേരും ഒരുമിച്ചിരുന്ന് പ്രാർത്ഥിച്ചു. അതിനുശേഷം ഞാൻ തുടർന്നു : ഇപ്പോൾ ഞാൻ മനഃശാസ്ത്രപരമായി നിങ്ങളോടു സംസാരിക്കുവാൻ പോകുന്നു. തുടർന്ന് വചനത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾക്ക് വിവരിച്ചു പറയാം.

മനഃശാസ്ത്രപരമായി നിങ്ങൾ സംസാരിച്ചത് അന്യഭാഷ തന്നെ എന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ അത് അന്യഭാഷ അല്ലയെന്നുള്ളത് വേറെ വിഷയം. അതിനെക്കുറിച്ച് വചനാടിസ്ഥാനത്തിൽ പിന്നീട് ഞാൻ പറയാം.

ഇപ്പോൾ നിങ്ങളുടെ സഭയിൽ നിങ്ങൾ ഒഴികെ, നിങ്ങളും ചുറ്റും നിൽക്കുന്ന എല്ലാവരും അന്യഭാഷ സംസാരിച്ചുകൊണ്ടേയിരിക്കുന്നു. വർഷങ്ങളായി നിങ്ങൾ അത് കേട്ടുകൊണ്ടേയിരിക്കുന്നു. നാം ഏതു വിഷയത്തെ അടിക്കടി ചെവിയിൽ കൂടി കേട്ടുകൊണ്ടിരിക്കുന്നുവോ അത് നിങ്ങളുടെ മനസ്സിൽ റിക്കാഡ് ചെയ്യപ്പെടും. പാട്ടോടുകൂടിയ ആ ഭാഷ കേട്ടു കേട്ട് നിങ്ങൾക്ക് ശീലമായി. അങ്ങനെയുള്ള പരിചയത്തിൽ നിങ്ങൾ അറിയാതെ കൂടെയുള്ള വ്യക്തികളോട് അവർ സംസാരിച്ച ഭാഷയിൽതന്നെ നിങ്ങൾ സംസാരിച്ചു എന്നേയുള്ളു. അത് പരിശുദ്ധാത്മാവിന്റെ പ്രവൃത്തി അല്ല. ഒന്നാമത്തെ ചോദ്യം : നിങ്ങൾ അന്യഭാഷയിൽ സംസാരിച്ചതുകൊണ്ട് ദൈവത്തിന് എന്തുപ്രയോജനം? രണ്ടാമത്തേത് : നിങ്ങൾ അന്യഭാഷ സംസാരിച്ചതുകൊണ്ട് നിങ്ങൾക്ക് എന്തു പ്രയോജനം?

ഉദാഹരണമായി നിങ്ങൾ സിനിമാഗാനങ്ങൾ പാടുന്നതും കേൾക്കുന്നതും ഇഷ്ടമില്ലാത്ത ഒരു വ്യക്തി ആയിരിക്കാം. ഒരു പ്രത്യേക സിനിമാഗാനം എല്ലാവരേയും ആകർഷിക്കുന്ന പാട്ടായിരിക്കും. നല്ല രാഗം, നല്ല താളം, നല്ല മ്യൂസിക്. ഇങ്ങനെ ഒരു ഗാനം നിങ്ങൾ ബസ്സിൽ യാത്ര ചെയ്യുമ്പോൾ കേൾക്കേണ്ടി വരുന്നു. ഒരു കല്യാണവീട്ടിൽ പോയാൽ അവിടെയും അതേ പാട്ടു തന്നെ കേൾക്കേണ്ടി വരുന്നു. ആ പാട്ട് വളരെ ഹിറ്റായതുകൊണ്ട് പെരുന്നാൾ സമയത്തിലും അതേ പാട്ട് വീണ്ടും വീണ്ടും ഉച്ചഭാഷണിയിൽ കൂടി നിങ്ങൾക്കു കേൾക്കേണ്ടി വരുന്നു. നിങ്ങൾ അറിയാതെ തന്നെ ആ പാട്ടിനെ ആസ്വദിക്കുന്നു. ഇപ്പോൾ എന്തു സംഭവിക്കുന്നു എന്നറിയാമോ? ആ പാട്ടിലെ രാഗത്തെ നിങ്ങൾ അറിയാതെ തന്നെ കുളിക്കുമ്പോഴും കാറിൽ യാത്ര ചെയ്യുമ്പോഴും താനെ ഒരു മൂളലായി പുറത്തുവരുന്നു. മനഃശാസ്ത്രപരമായി പലർക്കും ഇതു സംഭവിക്കുന്നു. ഈ വിഷയത്തെ നിങ്ങളോടു പറയുന്ന എന്റെ ജീവിതത്തിലും ഇതു സംഭവിച്ചിരിക്കുന്നു. ഞാൻ ഒരു ദൈവവേലക്കാരൻ തന്നെ. ക്രിസ്തീയ ഗാനങ്ങൾ മാത്രം പാടുന്ന വ്യക്തിയാണ്. പക്ഷേ, പൊതുവെ ഏതു പാട്ടായാലും

രാഗം നല്ലതാണെങ്കിൽ എന്റെ ചുണ്ടിലും അതിന്റെ മൂളൽ ഉണ്ടായിട്ടുണ്ട്. സിനിമാ മ്യൂസിക് ഡയറക്ടർ എ.ആർ. റഹ്മാൻ ഉണ്ടാക്കിയ ഒരു സിനിമാ പാട്ട് ചിന്ന ചിന്ന ആശൈ എന്ന് ആരംഭിക്കുന്ന പാട്ട് കേരളത്തിലും തമിഴ്നാട്ടിലും കർണ്ണടകയിലും മറ്റും എന്റെ ചെവിയിൽ കൂടി കേട്ട് ഒരു ദിവസം ഞാൻ അറിയാതെതന്നെ ആ പാട്ട് എന്റെ വായിൽ കൂടിയും മൂളി. എന്റെ ഭാര്യയാണ് അത് ചൂണ്ടിക്കാണിച്ച്, നിങ്ങൾ മൂളിയത് ഒരു സിനിമാപ്പാട്ടാണ്. അത് നിങ്ങളുടെ വായിൽ നിന്നും പുറത്തുവരാൻ പാടില്ല. അതു കേട്ട ഞാൻ ലജ്ജിച്ചു. പിന്നെ ഞാൻ എന്നെത്തന്നെ തിരുത്തി.

അതുപോലെതന്നെ അന്യഭാഷ സംസാരിക്കുന്ന ഉപദേശത്തെ വെറുത്തിരുന്ന നിങ്ങൾ, നിങ്ങളുടെ ഭാര്യയെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി, പെന്തൊക്കോസ്തു ആരാധനയിൽ വർഷങ്ങായി സംബന്ധിച്ചുകൊണ്ടുള്ള പരിചയം കാരണമായി ആ അന്യഭാഷ അറിയാതെ നിങ്ങളുടെ വായിൽ നിന്നും പുറത്തു വന്നു. അത് നിങ്ങളെ സന്തോഷപ്പെടുത്തി. ആ സന്തോഷം ആത്മാവിലല്ല, ജഡത്തിലാണ്. അതുകൊണ്ട് നിങ്ങളുടെ വീട്ടിലും സന്തോഷവും സമാധാനാവും ഉണ്ടായി. അതിൻപ്രകാരം, ആ അന്യഭാഷയുടെ അർത്ഥം മനസ്സിലാക്കാതെ തുടർന്ന് സംസാരിക്കുവാൻ തുടങ്ങി. **അത് പരിശുദ്ധാത്മാവ് സംസാരിപ്പിച്ചതല്ല** എന്ന് ഞാൻ വിവരിച്ചുപറഞ്ഞശേഷം, അദ്ദേഹം തന്നെ വായ് തുറന്നു പറഞ്ഞു, ഞാൻ എന്തിനു സംസാരിച്ചു? അത് ആർക്കുവേണ്ടി സംസാരിച്ചു? അതിൽ എന്റെ ആത്മാവിന് എന്തു നൻമ ഉണ്ടായി? ഞാൻ അന്യഭാഷയിൽ സംസാരിച്ചതുകൊണ്ട് എന്നിൽ **ആത്മീകവർദ്ധന ഉണ്ടായിട്ടില്ല. വേദവചനമാണ് നമ്മിൽ ആത്മികവർദ്ധന ഉണ്ടാക്കുന്നത്** എന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. അന്യഭാഷ ഒരിക്കലും ആത്മീകവർദ്ധനയ്ക്ക് കാരണമാകുന്നില്ല. ഈ വിവരം എനിക്ക് നേരത്തെ അറിയാം. പക്ഷേ എങ്ങനെയോ ഞാൻ ബ്രെയിൻവാഷ് ചെയ്യപ്പെട്ടു. ഞാനായിട്ടുതന്നെ അന്യഭാഷ സംസാരിക്കുന്ന കാര്യത്തിൽ അടിമയായിപ്പോയില്ലേ? എന്റെ സമനില തെറ്റിപ്പോയി. എന്റെ യഥാർത്ഥ

പ്രാർത്ഥനയുടെ ആഴത്തിലേയ്ക്ക് അന്നു ഞാൻ പോയപ്പോൾ എന്റെ ചുറ്റുമുണ്ടായിരുന്ന വികാരങ്ങൾക്ക് അടിമയായി, എന്റെ ചെവിയിൽ കേട്ട അന്യഭാഷാശബ്ദം എന്നെത്തന്നെ മാറ്റി, അന്യഭാഷ സംസാരിക്കുവാൻ എനിക്ക് ഇടവരുത്തി എന്നുള്ളത് ഞാൻ ഇപ്പോൾ ഉണരുന്നു എന്നു പറഞ്ഞ് അദ്ദേഹം നിർത്തി.

ഇനി വരുന്ന മാസങ്ങളിൽ....

ഇതുവരേയും വായിച്ച ഭാഗങ്ങളിൽ എഴുതപ്പെട്ട ചോദ്യങ്ങൾക്കുള്ള എന്റെ മറുപടിയും വചനത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള മറുപടിയും ഞാൻ എഴുതും. പ്രത്യേകിച്ച് 1 കൊരി. 14:12 വചനത്തിന് അടിസ്ഥാനമായി ഞാൻ എഴുതും. പ്രാർത്ഥനയോടെ വേദപുസ്തകം കയ്യിൽ വച്ചുകൊണ്ട് എഴുതപ്പെട്ട വിഷയങ്ങളെ താരതമ്യപ്പെടുത്തി ധ്യാനിക്കണം.

നിങ്ങളോട് ഞാൻ വ്യക്തമായിട്ട് പറയുവാൻ ആഗ്രഹിക്കുന്നത്

1. പരിശുദ്ധാത്മാവ് ഉണ്ട് – അന്യഭാഷ സംസാരിക്കരുത്.
2. അന്യഭാഷ ഉണ്ട് – അതു സഭകൾക്കുവേണ്ടി കൊടുക്കപ്പെട്ടിട്ടുള്ളതല്ല. വേദപുസ്തകം രചിക്കുന്നതിനു മുൻപുള്ള പുതിയനിയമ സഭകൾക്കു അന്യഭാഷ **വര**മായിട്ടുമാത്രം കൊടുക്കപ്പെട്ടിട്ടുള്ളതാണ്.
3. ഇപ്പോൾ അന്യഭാഷ ഉണ്ടോ? ഇല്ലയോ? – തീർച്ചയായും ഉണ്ട്. പക്ഷേ, ഞാൻ നേരത്തേ പറഞ്ഞതുപോലെ ഇപ്പോഴുള്ള സഭകൾക്ക് കൊടുക്കപ്പെട്ടതല്ല.
4. ഇപ്പോൾ ആരെങ്കിലും വ്യക്തിപരമായി അന്യഭാഷ സംസാരിക്കുന്നുവോ? – ഉവ്വ് എന്നാണ് എന്റെ മറുപടി. അത് വേദവചനം വഴിയായും സഭാചരിത്രം മുഖനേയും ഞാൻ അത് ഉറപ്പാക്കുന്നു. അവയെക്കുറിച്ച് തുടർന്നുള്ള മാസങ്ങളിൽ ജാമക്കാരനിൽകൂടി വിശദീകരിക്കും.

5. അന്യഭാഷ സംസാരിച്ച് ദയവായി വിലപ്പെട്ട സമയങ്ങളെ നഷ്ടപ്പെടുത്തരുത്. അവരവർ തങ്ങളുടെ മാതൃഭാഷയിൽ തന്നെ ദൈവത്തോട് സംസാരിപ്പിൻ. ദൈവത്തിന് ഈ ലോകത്തിലുള്ള എല്ലാ ഭാഷകളും അറിയാം.

   അതോടൊപ്പം കർത്താവ് ചെയ്ത നൻമകളെ ഓർത്തോർത്ത് തങ്ങളുടെ മാതൃഭാഷകളിൽ ദൈവത്തെ സ്തുതിപ്പിൻ. ആ സ്തുതിയിൽ കർത്താവ് പ്രസാദിക്കും.

   വെറും സ്തോത്രം സ്തോത്രം എന്നു പറഞ്ഞാൽ അത് ഒരിക്കലും ആത്മീകവർദ്ധന ഉണ്ടാക്കുകയില്ല (1 കൊരി. 14 : 16,17).

6. പരിശുദ്ധാത്മാവിനെ ഒരിക്കലും വിളിക്കരുത്. വേദപുസ്തകത്തിൽ ആരും പരിശുദ്ധാത്മാവിനെ വിളിച്ചിട്ടില്ല.

**അന്യഭാഷ**

യേശുക്രിസ്തുവിന്റെ അപ്പോസ്തലന്മാരായ 12 ശിഷ്യൻമാർ രക്തസാക്ഷികളായി മരിച്ചകാലം തുടങ്ങി അതിനുശേഷം രഹസ്യക്രിസ്തീയ സഭയായി, രഹസ്യമായി ആരാധിച്ച കാലഘട്ടം വരെ ഏതൊരു സഭയിലും ആരും അന്യഭാഷ സംസാരിച്ചിട്ടില്ല. ഈ വിവരം പുതിയനിയപുസ്തകത്തിലുള്ള ലേഖനഭാഗങ്ങളിൽ നിന്നും നമുക്കു മനസ്സിലാക്കുവാൻ കഴിയും. എ.ഡി. 50 ന്റെ ശേഷം തിമൊഥിയോസിനു എഴുതപ്പെട്ട ലേഖനങ്ങളിലും സഭാജനങ്ങൾ അന്യഭാഷ സംസാരിച്ചതായിട്ടു കാണുന്നില്ല. അതിനുശേഷം എഴുതപ്പെട്ട സഭാചരിത്രങ്ങൾ വായിക്കുമ്പോഴും സഭാജനങ്ങൾ ആരും അന്യഭാഷ സംസാരിച്ചതായി കാണപ്പെടുന്നില്ല. ഞാൻ എഴുതിയത് സത്യമെന്ന് പുതിയ നിയമപണ്ഡിതൻമാർക്ക് നല്ലതുപോലെ അറിയുവാൻ സാധിക്കും.

പുതിയ നിയമസഭകളിൽ അന്യഭാഷ സംസാരിച്ചത് എവിടെയെന്നാൽ, അത് കൊരിന്ത്യസഭയിൽ മാത്രം. കൊരിന്ത്യസഭയിൽ ഏകദേശം 16 ഭാഷക്കാർ ചേർന്ന് ആരാധിച്ചതായി നമുക്കു കാണുവാൻ കഴിയും. കൊരിന്ത്യസഭ അല്ലാതെ മറ്റ് ഒരു സഭയും അന്യഭാഷ സംസാരിച്ചതായികാണുവാൻ കഴിയുകയില്ല. ഒരു ലേഖനങ്ങളിലും യേശുവിന്റെ ശിഷ്യൻമാർ ആരെങ്കിലും അന്യഭാഷ സംസാരിച്ചതായി ഇതുവായിക്കുന്ന ആർക്കെങ്കിലും ചൂണ്ടിക്കാണിക്കുവാൻ സാധിക്കുമോ?

അന്യഭാഷ സംസാരിക്കുന്നതിന് പ്രാധാന്യം കൊടുത്തിരുന്നുവെങ്കിൽ അത് ഒരു ലേഖനത്തിലെങ്കിലും സൂചിപ്പിക്കുമായിരുന്നുവല്ലോ? ചിന്തിച്ചുനോക്കുവിൻ.

കോൺസ്റ്റന്റയിൻ രാജാവിന്റെ കാലത്തിനു മുൻപ് ഇരുണ്ട കാലഘട്ടം എന്നാണ് അറിയപ്പെട്ടിരുന്നത്. അത് ക്രിസ്ത്യാനികൾക്ക് ആർക്കും പരസ്യമായി ക്രിസ്തുവിനെ ആരാധിക്കുവാൻ കഴിയാത്തകാലഘട്ടമായിരുന്നു. അന്ന് ക്രിസ്ത്യാനികൾ ഗുഹകളിലും കല്ലറകളിലും കാടുകളിലും രഹസ്യമായി രാത്രികാലങ്ങളിൽ മാത്രം പന്തംകൊളുത്തി ആ വെളിച്ചത്തിൽ ക്രിസ്തുവിനെ ആരാധിക്കുമായിരുന്നു. കോൺസ്റ്റന്റയിൽ രാജാവ് ക്രിസ്തുവിനെ ദൈവമായി സ്വീകരിച്ചതിനുശേഷമാണ് ക്രിസ്ത്യാനികൾക്ക് സുവർണകാലഘട്ടം തുടങ്ങിയത്. അതിനുശേഷമാണ് ക്രിസ്ത്യാനികൾ സ്വതന്ത്രരായിട്ട് ആരാധനകൾ നടത്തിയത്. ആ കാലങ്ങളിൽപോലും സഭാജനങ്ങൾ ആരും അന്യഭാഷ സംസാരിച്ചതായിട്ടു സഭാചരിത്രം പറയുന്നില്ല.

**ജാമക്കാരൻ വായനക്കാർ പ്രത്യേകമായി ശ്രദ്ധിക്കേണ്ട വിഷയം**

1. വേദപുസ്തകം തർജ്ജമചെയ്ത മിഷണറിമാർ ആരും **അന്യഭാഷ സംസാരിച്ചിട്ടില്ല.**
2. വേദപുസ്തകത്തെ ആദ്യമായി തമിഴ് ഭാഷയിൽ തർജ്ജമ ചെയ്ത ഡീ ഗെൻസ് ബൽക്ക് **അന്യഭാഷ സംസാരിച്ചിട്ടില്ല.**

3. ഇൻഡ്യയിലെ വിവിധഭാഷകളിൽ വേദപുസ്തകം തർജ്ജമ ചെയ്ത വില്യം കേറിയും **അന്യഭാഷ സംസാരിച്ചിട്ടില്ല.**

4. മലയാള ഭാഷയിൽ വേദപുസ്തകത്തെ ആദ്യമായി തർജമ ചെയ്ത റവ. ഗുണ്ടർട്ട് അവർകളും **അന്യഭാഷ സംസാരിച്ചിട്ടില്ല.**

5. ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച ഒരു വ്യക്തികളും **അന്യഭാഷ സംസാരിച്ചിട്ടില്ല.**

6. ഈ മിഷണറിമാരാൽ തർജ്ജമ ചെയ്യപ്പെട്ട വേദപുസ്തകത്തെയാണ് ഇന്ന് പെന്തെക്കോസ്തു സഭക്കാരും ഉപയോഗിക്കുന്നത്. പക്ഷേ, ഈ മിഷണറിമാർ ആരും സംസാരിക്കാത്ത അന്യഭാഷ ഇവരുടെ വായിൽ നിന്നും മാത്രം എങ്ങനെ വരുന്നു.

## ഇപ്പോഴത്തെ പെന്തെക്കോസ്തുസഭ അന്യഭാഷ എങ്ങനെ സംസാരിച്ചു? എപ്പോൾ മുതൽ സംസാരിക്കുവാൻ തുടങ്ങി

1901 –ാം വർഷം അമേരിക്കയിൽ ഒരു ആൾനൈറ്റ് പ്രയർ നടത്തപ്പെട്ടു. അതിൽ പ്രാർത്ഥനാസമയത്ത് വാദ്യഘോഷങ്ങൾക്കിടയിൽ ഒരു പെൺകുട്ടി വായ് കുഴഞ്ഞ് സംസാരിക്കുന്നത് മറ്റുള്ളവർ കേൾക്കുവാൻ ഇടയായി. അത് കേട്ടവർ ഒരുപക്ഷേ, ഇതു തന്നെ ആയിരിക്കും ആദിമ അപ്പോസ്തലൻമാർ സംസാരിച്ച ഭാഷ സംസാരിച്ചു എന്ന് തമ്മിൽ തമ്മിൽ സംശയിച്ചു സംസാരിച്ചു.

പ്രാർത്ഥനയിൽ പാട്ടുപാടുമ്പോൾ, കൂട്ടായ്മാകൂട്ടങ്ങളിൽ പ്രാർത്ഥിക്കുമ്പോൾ ആവേശത്താൽ നാക്കുകുഴഞ്ഞ് സംസാരിക്കുമല്ലോ; അതിനെയാണ് അന്യഭാഷയെന്ന് അവർ പറഞ്ഞത്.

അന്നത്തെ കാലത്ത് ജോൺവെസ്‌ലി ആരംഭിച്ച മെഥഡിസ്റ്റ് ചർച്ച്, പ്രസ്ബിറ്റീരിയൻ ചർച്ച്, ആംഗ്ളിക്കൻ ചർച്ച്, ബാപ്റ്റിസ്റ്റ് ചർച്ച് തുടങ്ങിയ എല്ലാ സഭകളിലും മാനസാന്തര അനുഭവം ഉള്ള അനേകം പേർ ഉണ്ടായിരുന്നു.

**മാനസാന്തരം ആകുന്നു സഭയ്ക്ക് അടിസ്ഥാനം.**

ഈ സാഹചര്യത്തിൽ അമേരിക്കയിൽ മുകളിൽ പറഞ്ഞ പെൺകുട്ടി വായ്കുഴഞ്ഞ് സംസാരിച്ചത് അന്യഭാഷയെന്ന് അവളുടെ സഭക്കാർ മറ്റുള്ളവരെ എല്ലാവരേയും അറിയിച്ചു. മറ്റുള്ള സഭകളിൽ നിന്നും തങ്ങളെ പ്രത്യേകമായി വേർതിരിച്ചു കാണിക്കുവാൻ ഈ ഭാഷയെ അവർ പ്രയോജനപ്പെടുത്തി. അതേ അമേരിക്കയിൽ ഇവരുടെ സഭയിൽ തന്നെ, വേറെ ചിലരും യൂവാക്കളും യുവതികളും നാവുകുഴച്ച് കൈയടിച്ച് പാട്ടുപാടിയത് അവർക്ക് ഉൽസാഹമായി. അത് അവരുടെയിടയിൽ ആവേശം ഉണർത്തി. അത് അവർക്ക് വ്യത്യാസമായ സന്തോഷത്തെ ഉണ്ടാക്കി. അത് കണ്ട് മറ്റുള്ള സഭക്കാരും ഇത്തരം ഭാഷ സംസാരിക്കുവാൻ ശ്രമിച്ചു. അങ്ങനെ അവരും നാവുകുഴച്ച് സംസാരിക്കുവാൻ തുടങ്ങി. ഈ സംഭവം ഒരു കാട്ടുതീ പോലെ അമേരിക്ക മുഴുവൻ വ്യാപിക്കുകയും ചെയ്തു. പാട്ടും ഉച്ചത്തിലുള്ള സ്തോത്രസ്വരങ്ങളും വാദ്യഘോഷങ്ങളുടെ ധ്വനികളും ചേർന്ന് അവരെ ആവേശത്തിന്റെ കൊടുമുടിയിൽ കയറ്റി. അവരെല്ലാം വേഗത്തിൽ പാടി, തുള്ളിച്ചാടി, നൃത്തം ചെയ്ത്, ഹല്ലേലൂയ്യ സ്തോത്രം പറഞ്ഞ് ആവേശത്തിൽ മുഴുകി. ഇങ്ങനെയുള്ള ആവേശവും ആർഭാടവും നിറഞ്ഞ ഒരുയുവജനതയുടെ എണ്ണം സഭയിൽ നാൾക്കുനാൾ കൂടി വന്നു. ഇങ്ങനെയുള്ള നാവുകുഴച്ചിലും, പാട്ടും, പ്രാർത്ഥനയും തുള്ളിച്ചാട്ടവും നടത്തുന്ന സഭയായി **പെന്തേക്കോസ്ത് സഭ രൂപപ്പെട്ടു.**

പെന്തേക്കോസ്ത് എന്ന ഈ പേര് ഇവർ തങ്ങളുടെ സഭയ്ക്ക് വയ്ക്കുവാനുള്ള കാരണം, അപ്പൊ.പ്രവൃ: 2–ാം അദ്ധ്യായത്തിൽ, ആദ്യ അപ്പോസ്തലൻമാർ പെസഹാ പെരുന്നാളിന്റെ 50–ാം ദിവസം യരുശലേമിലെ മാളിക മുറിയിൽ കൂടിയിരുന്നപ്പോൾ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവരായി ഓരോരുത്തരും പലഭാഷകളിൽ സംസാരിക്കുവാൻ തുടങ്ങി. അതായത് ഒരു വായിൽ നിന്നും പലഭാഷകളാണ് പുറത്തേക്ക് വന്നത്. അതാണ് ഇവർ

തങ്ങളുടെ സഭക്ക് പ്രത്യേകമായ അടയാളമാക്കി പെസഹാപെരുന്നാളിന്റെ 50–ാം ദിവസമായ **പെന്തെക്കോസ്ത്** എന്ന പേർ തന്നെ തങ്ങളുടെ സഭയ്ക്ക് പേരായി വിളിച്ചറിയിച്ചത്. നാവുകുഴഞ്ഞ് ശരീരത്തെ വിറപ്പിച്ച് നടത്തിയ ചേഷ്ഠകൾ ശരീരത്തെ മാത്രമാണ് സന്തോഷപ്പെടുത്തിയത്. എന്നാൽ അത് **ആത്മാവിനെ സന്തോഷപ്പെടുത്തിയിട്ടില്ല.**

**പരിഭാഷയ്ക്ക് പ്രത്യേക ആൾ**

പെന്തെക്കോസ്ത് സഭകളിൽ കൺവെൻഷൻ നടക്കുമ്പോൾ സായിപ്പൻമാരും, ഹിന്ദി, തെലുങ്ക് സംസാരിക്കുന്നവരും ഈ യോഗങ്ങളിൽ സംസാരിക്കുവാൻ വരും. ഇവരുടെ പ്രസംഗങ്ങളെ പരിഭാഷപ്പെടുത്തുവാൻ പുറത്തുനിന്നും ആൾക്കാരെ കൂട്ടിക്കൊണ്ടുവരും. ഞങ്ങൾ പരിശുദ്ധാത്മാവ് നിറഞ്ഞവരാണ്. അന്യഭാഷയിൽ സംസാരിക്കുന്നവരാണ് എന്നെല്ലാം പറഞ്ഞ് നിഗളിക്കുന്ന ഇവർ തർജ്ജമ ചെയ്യുവാൻ പുറത്തു നിന്നും എന്തിനാണ് ആളെ കൊണ്ടു വരുന്നത്. സഭാവിശ്വാസികളോ സഭാ പാസ്റ്റർമാരോ ഇത് എന്തുകൊണ്ട് തർജ്ജമ ചെയ്യുന്നില്ല ? ഈ ചോദ്യത്തെ ഇത് വായിക്കുന്ന നിങ്ങൾ പെന്തെക്കോസ്ത് സഭാ പാസ്റ്റർമാരോട് ചോദിച്ച്, അവരുടെ മറുപടി എന്താണെന്ന് എന്നെ അറിയിക്കണം.

അങ്ങനെ ഇവർക്കാർക്കും മറ്റുള്ളവരുടെ ഭാഷയെ തർജ്ജമ ചെയ്യുവാൻ സാധിക്കുന്നില്ല എന്നുപറയുമെങ്കിൽ, ഇതുവരെയും ഇവർ സംസാരിച്ച ഭാഷ വ്യാജമാണ് എന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും.

**വേദത്തിൽ അന്യഭാഷസംസാരിച്ച ജാതികൾ**

എഫെസ്യസഭയ്ക്ക് പൗലോസ് അപ്പൊസ്തലൻ ലേഖനം എഴുതുമ്പോൾ, നിങ്ങൾ വചനം കേട്ട് മാനസാന്തരപ്പെട്ട് വിശ്വാസികൾ ആയപ്പോൾ വാഗ്ദത്തം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെട്ടിരിക്കുന്നുവെന്ന് എഴുതി ഉറപ്പാക്കുന്നു. (എഫെ:1:13) എന്തുകൊണ്ടാണ് പൗലോസ് അപ്പോസ്തലൻ ആ വചനത്തെവീണ്ടും ഉറപ്പാക്കുന്നത്? കാരണം, പരിശുദ്ധാത്മാവ് അവരുടെ

ഉള്ളിൽ വന്നത് അവർ പോലും അറിഞ്ഞിട്ടില്ല. ഒരുപക്ഷേ, പുറമെ അടയാളങ്ങൾ എന്തെങ്കിലും കണ്ടിരിക്കുമെങ്കിൽ സഭാജനങ്ങൾ അത് അറിഞ്ഞിരിക്കും. പൗലോസ് അപ്പോസ്തലൻ പറഞ്ഞതിനുശേഷമാണ് സഭാജനങ്ങൾ അത് മനസ്സിലാക്കിയത്. നിങ്ങളിലുള്ള ആത്മാവിനെ നിങ്ങൾ തന്നെ അറിയുമല്ലോയെന്ന് റോമാ ലേഖനത്തിൽ 1 യോഹ. 2:27 ൽ അഭിഷേകം നിങ്ങളിൽ സ്ഥിരമായിരിക്കുന്നത് നിങ്ങളോട് ആരും ഉപദേശിക്കേണ്ടതില്ലല്ലോ എന്ന് എഴുതിയിരിക്കുന്നു.

1. പരിശുദ്ധാത്മാവിന്റെ നിറവിന് അന്യഭാഷ **ബാഹ്യമായ അടയാളമായി** വേദപുസ്തകത്തിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല.

2. പരിശുദ്ധാത്മാവിന്റെ അടയാളത്തെ അന്യഭാഷയിൽ കാണുവാൻ കഴിയുകയില്ല. അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല. (1യോഹ:2:27).

3. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ (ഗലാ:5:22). ഇവിടെ പറയുന്ന **ഫലം** എന്നത് **സ്വഭാവത്തെയാണ്** ചൂണ്ടിക്കാണിക്കുന്നത്. മൂലഭാഷയിൽ ഫലം എന്നതിനെ അടയാളമായിട്ടും സൂചിപ്പിച്ചിരിക്കുന്നു. വെറും ശബ്ദം കൊണ്ടു മാത്രം പരിശുദ്ധാത്മാവിനെ കാണിക്കുവാൻ ശ്രമിക്കരുത്. ഒരു മനുഷ്യന്റെ സ്വഭാവവും സാക്ഷ്യവും ദൈവത്തെ സന്തോഷിപ്പിക്കും.

എഫേസ്യപട്ടണവിശ്വാസികൾ, കൊർന്നല്യോസ് കുടുംബക്കാർ ഇവർ രണ്ടു കൂട്ടർക്കും വേണ്ടി പത്രോസ് പ്രാർത്ഥിച്ചപ്പോൾ, അന്യഭാഷയിലും ആവേശവർത്തമാനത്തിലും സംസാരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പ്രധാനകാരണം, ഇവരെല്ലാവരും യഹൂദൻമാരല്ലാത്ത ജാതികളാണ്. ഇവർ സംസാരിച്ച ഭാഷ പത്രോസിനും മറ്റു യഹൂദാജാതി ശിഷ്യൻമാർക്കും മാത്രം അടയാളമായി കൊടുക്കപ്പെട്ടു. കാരണം, പരിശുദ്ധാത്മാവ് യഹൂദൻമാർക്കു മാത്രമാണ് എന്നും ജാതികൾക്ക് അല്ലാ എന്നും ഉള്ള ഒരു മിഥ്യാധാരണ അവർക്കിടയിൽ ഉണ്ടായിരുന്നു. അതുകൊണ്ടാണ് പത്രോസിനെ

പ്രാർത്ഥിക്കുവാൻ ക്ഷണിച്ചപ്പോൾ അവൻ വരുവാൻ ഇഷ്ടപ്പെട്ടിട്ടില്ല. ജാതികൾക്കും പരിശുദ്ധാത്മാവ് ഉണ്ട് എന്ന് ഉറപ്പിക്കുവാൻ വേണ്ടി പത്രോസ് പ്രാർത്ഥിച്ചപ്പോൾ ഇവർ (ജാതികൾ) അന്യഭാഷയിൽ സംസാരിച്ചു. **ഈ ഏർപ്പാട് കർത്താവാണ് ചെയ്തത്.**

ഈ വിഷയത്തിൽ മറ്റൊരുകാര്യം കൂടി മനസ്സിലാക്കണം. ജാതികൾ അന്യഭാഷയിൽ സംസാരിച്ചു പ്രവചനം പറഞ്ഞു എന്നാണ് എഴുതിയിരിക്കുന്നത്. പ്രവചനം എന്നാൽ കർത്താവിന്റെ വാക്ക്, പ്രവാചകൻ എന്നുപറഞ്ഞാൽ കർത്താവിന്റെ വാക്കിനെ അറിയിക്കുന്നവൻ എന്നാണ് അർത്ഥം. ഈ രണ്ടുസ്ഥലത്തും സംസാരിച്ച അന്യഭാഷ, ക്രിസ്തീയസഭയ്ക്ക് ആവശ്യം എന്നുപറയുന്നത് തെറ്റാണ്. ദൈവത്തിന് ലോകത്തിലുള്ള സകലഭാഷയും മനസ്സിലാകുമ്പോൾ, എന്തുകൊണ്ടാണ് നിനക്കറിയാത്ത ഒരു പുതിയ ഭാഷയെ കർത്താവ് നിന്റെ വായിൽ കൊടുക്കുന്നത് ? അങ്ങനെ അവൻ ഒരിക്കലും കൊടുക്കത്തില്ല.

**കർത്താവ് മനുഷ്യനോട് സംസാരിക്കുവാൻ ഇഷ്ടപ്പെടുന്നു.**

പഴയനിയമകാലത്തിൽ കർത്താവ് മനുഷ്യരോട് നേരിട്ടു സംസാരിക്കുകയല്ല, പ്രവാചകൻമാർ മുഖാന്തിരമാണ് സംസാരിക്കുന്നത്. പക്ഷേ, പുതിയ നിയമകാലത്തിൽ കർത്താവ് മനുഷ്യനോട് സംസാരിച്ചതായി വചനത്തിൽ കാണപ്പെടുന്നു. ഓരോരോ മനുഷ്യനും ഏതുഭാഷയിൽ സംസാരിക്കുന്നുവോ അതേ ഭാഷയിലാണ് ദൈവം നമ്മോടു സംസാരിക്കുന്നത്.

പൗലോസ് അപ്പൊസ്തലൻ തന്റെ സാക്ഷ്യം പറയുമ്പോൾ കർത്താവ് ആദ്യപ്രാവശ്യം തന്നോടു സംസാരിച്ച സംഭവത്തെ വിവരിച്ചു പറയുന്നു. ഞാൻ നിലത്തു വീണപ്പോൾ ...... മുള്ളിന്റെ നേരെ ഉതെക്കുന്നതു നിനക്കു വിഷമം ആകുന്നു എന്നു **എബ്രായഭാഷയിൽ** എന്നോടു പറയുന്നോരു ശബ്ദം ഞാൻ കേട്ടു. (അപ്പൊ: 26:14). നാം ഏതുഭാഷയിൽ സംസാരിക്കുന്നുവോ അതേ ഭാഷയിൽതന്നെ നമ്മോടു സംസാരിക്കുവാനാണ് കർത്താവ് ആഗ്രഹിക്കുന്നത്.

അങ്ങനെ ദൈവം തന്നെ ആഗ്രഹിക്കുമ്പോൾ പെന്തെക്കോസ്തുസഭക്കാർ എന്തിനാണ് ഇക്രബല, ശുക്രബല എന്ന് മനസ്സിലാകാത്ത ശബ്ദങ്ങളാൽ ദൈവത്തോട് സംസാരിക്കുന്നു എന്ന് വ്യാജം പറയുന്നത്.

**കഴുത സംസാരിച്ച ഭാഷ. സംഖ്യ 22:26**

പ്രവാചകരിൽ ഒരാൾ ദൈവത്തിന് ഇഷ്ടമില്ലാത്ത വഴിയിൽ ഒരു കഴുതപ്പുറത്ത് കയറി യാത്ര ചെയ്തപ്പോൾ കർത്താവ് അവന് മുന്നറിയിപ്പ് നൽകുവാൻവേണ്ടി കഴുതയുടെ വായ് ഉപയോഗിച്ച് പ്രവാചകനോട് സംസാരിച്ചു. വചനം ഇങ്ങനെ പറയുന്നു, കർത്താവ് കഴുതയുടെ വായ തുറന്നു. തന്റെ മേൽ ഇരിക്കുന്ന ബിലെയാമിനോട് കർത്താവ് പറയുവാൻ പറഞ്ഞവിഷയത്തെ **എബ്രായ ഭാഷയിൽ** സംസാരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.

മൃഗങ്ങൾ തമ്മിൽ തമ്മിൽ സംസാരിക്കുമ്പോൾ അതിനായിട്ടുള്ള മൃഗഭാഷ ഉണ്ട്. പക്ഷേ, ഇവിടെ കഴുത തന്റെ ഭാഷയായ മൃഗഭാഷയിൽ സംസാരിക്കാതെ, തന്റെ യജമാൻ സംസാരിക്കുന്ന എബ്രായ ഭാഷയിൽ വ്യക്തമായി സംസാരിച്ച് മുന്നറിയിപ്പ് നൽകി.

ഒരു കഴുത മനുഷ്യനോട്, മനുഷ്യഭാഷയിൽ സംസാരിക്കുമ്പോൾ പെന്തെക്കോസ്ത് സഭക്കാരും പാസ്റ്റർമാരും മാത്രം ഞങ്ങൾ ദൈവത്തോടാണ് സംസാരിക്കുന്നത് എന്ന് കള്ളം പറഞ്ഞ് പ്രാർത്ഥനയിൽ അന്യഭാഷ എന്ന പേരിൽ നാവു കുഴച്ച് സംസാരിക്കുന്നത്, അർത്ഥമില്ലാത്ത വർത്തമാനങ്ങളല്ലേ. അഞ്ച് അറിവുള്ള മൃഗമായ കഴുതയുള്ള ജ്ഞാനം പോലും ആറ് അറിവുള്ള മനുഷ്യരായ ഈ പ്രത്യേക സഭക്കാർക്ക് ഇല്ലാതെ പോയത് ഓർത്ത് മനസ്സിൽ വിഷമം തോന്നുന്നു.

അതുപോലെ തന്നെ, അപ്പൊ.പ്രവ:2–ാം അദ്ധ്യായത്തിൽ മാളികമുറിയിൽ ഉണ്ടായിരുന്ന 126 പേരും തങ്ങളുടെ വായ് തുറന്നപ്പോൾ പരിശുദ്ധാത്മാവ് ഒരുവായ് വഴിയായി പലഭാഷകളിൽ സംസാരിച്ചു. ഇവിടെ ശ്രദ്ധിക്കേണ്ടകാര്യം,

ആ മാളികമുറിയിൽ ഉണ്ടായിരുന്ന എല്ലാ ഭാഷക്കാർക്കും അവരവരുടെ ഭാഷകളിൽ മനസ്സിലായി. വചനം പറയുന്നു, അത് കേട്ട് അവർ ആശ്ചര്യപ്പെട്ടു, ഇവരെല്ലാം ഗലീലക്കാരല്ലേ? നമ്മുടെ മാതൃഭാഷ ഇവർക്ക് എങ്ങനെ അറിയാം എന്നു പറഞ്ഞ് ആശ്ചര്യപ്പെട്ടതായി വേദപുസ്തകം രേഖപ്പെടുത്തുന്നു.

അതേ രീതിയിലാണ് കർത്താവ് കഴുതയുടെ വായ് തുറന്ന് എബ്രായ ഭാഷയിൽ പ്രവാചകനോട് സംസാരിച്ച് മുന്നറിയിപ്പ് നൽകിയത്.

കൂടുതൽ കാര്യങ്ങൾ തുടർന്നുള്ള മാസികയിൽ നിങ്ങൾക്കു വായിക്കാം.

അന്യഭാഷയെ സംബന്ധിച്ചുള്ള പ്രധാന വിഷയങ്ങൾ നിങ്ങൾക്ക് തുടർന്ന് അടുത്തലക്കം ജാമക്കാരനിൽ വായിക്കാം.

# ONLINE BANKING

**BANK ACCOUNT NUMBERS:**

## Dr. M.G.E. PUSHPARAJ

**SALEM - 636 005. INDIA**

**STATE BANK OF INDIA** (SALEM-1970)

**A/C No: 10764116842**

SWIFT CODE - SBININBB637- 10764116842

IFSC CODE - IFSC SBIN0001970 -10764116842

**CANARA BANK - SALEM** (SURAMANGALAM BRANCH)

**A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622.

IFSC CODE - IFSC CNRB0001219- 1219101013622.

## വിദേശ വായനക്കാരുടെ ശ്രദ്ധയ്ക്ക്

**2019 ജൂൺ, ജൂലായ്, ആഗസ്റ്റ്** ഈ മൂന്നുമാസ ജാമക്കാരൻ മാസിക വിദേശത്തുള്ള ആർക്കും അയയ്ക്കുവാൻ സാധിക്കാതെപോയി. ഇൻഡ്യയിലുള്ള എല്ലാവർക്കും ഒരു മാസവും മുടങ്ങാതെ മാസിക അയയ്ക്കുവാൻ സാധിച്ചു. 2019 സെപ്തംബർ മാസത്തിൽ, ഈ മൂന്നുമാസത്തെ മാസികകളും ഒരുമിച്ച് ഒരു കവറിൽ AIR MAIL പോസ്റ്റിൽ അയച്ചിട്ടുണ്ട്. തുടർച്ചയായി രണ്ടുമൂന്നു മാസങ്ങൾ മാസികകൾ ലഭിക്കാതെ വന്ന ചില വിദേശവായനക്കാർ, ഡോ. പുഷ്പരാജ് മരിച്ചുപോയോ, അതോ രോഗശയ്യയിൽ ആയിപ്പോയോ, കഴിഞ്ഞ 3 മാസമായി ഡോക്ടറെക്കുറിച്ചുള്ള വിവരങ്ങളൊന്നും അറിയുവാൻ കഴിയുന്നില്ലായെന്നുള്ള വിവരങ്ങൾ ഫോണിൽക്കൂടി എന്റെ ഭാര്യയോട് ചോദിച്ചുവെന്ന് ഞാൻ അറിഞ്ഞു. ഇങ്ങനെ മനോവ്യസനത്തോടും എന്നോടുള്ള കരുതലോടുംകൂടി എന്നെ അന്വേഷിച്ച എല്ലാ വിദേശ ജാമക്കാരൻ വായനക്കാർക്കുവേണ്ടിയും ദൈവത്തെ സ്തുതിക്കുന്നു.

**കർത്താവ് ജീവിക്കുന്നു. അതുകൊണ്ട് ഞാനും ജീവിക്കുന്നു.**

☐ ദൈവം എന്നെ സകല ആരോഗ്യത്തോടും ബലത്തോടും വഴിനടത്തിക്കൊണ്ടിരിക്കുന്നു. ഒരു ദിവസം പോലും തലവേദനയോ പനിയോ രോഗങ്ങളോ ഉണ്ടാകാതെ എന്നെ സംരക്ഷിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന് സകല മഹത്വവും സ്തുതിയും കരേറ്റുന്നു.

☐ വടക്കേ ഇൻഡ്യയിലെ പല ജില്ലകളിലും ഇൻഡ്യയിലെ കിഴക്ക് പടിഞ്ഞാറ് ഭാഗങ്ങളിലും ആയിരക്കണക്കിനു മൈലുകൾ സഞ്ചരിച്ചുകൊണ്ട്, അവിടെയുള്ള മലപ്രദേശങ്ങളിൽ ജീപ്പിലും, കാറിലും ചിലയിടങ്ങളിൽ മൈലുകളോളം നടന്നും ദൈവവേല ചെയ്ത് മടങ്ങിവന്നു. ഓരോ ജില്ലകളിലും കടന്നുചെല്ലുമ്പോൾ അവിടങ്ങളിൽ വൈറസ് ബാധിച്ച് രോഗശയ്യയിലായ അനേകരെ ഞാൻ കാണുകയുണ്ടായി. പക്ഷേ, ആ വൈറസുകളും കൃമികളും എന്നെ തൊടാതെ കണ്ണിന്റെ കൃഷ്ണമണിപോലെകാത്ത എന്റെ ദൈവത്തിന് സകലവിധ സ്തുതി സ്തോത്രങ്ങളും അർപ്പിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിച്ച എല്ലാവർക്കും നന്ദി.

നിങ്ങൾ എല്ലാവർക്കും വേണ്ടിയും നിങ്ങൾ അയച്ച എല്ലാ പ്രാർത്ഥനാവിഷയങ്ങൾക്കു വേണ്ടിയും തുടർന്നും ഞാൻ പ്രാർത്ഥിക്കുന്നു.


## 50-ാം ജന്മവാർഷിക ആഘോഷം

1947-ാം വർഷം ഒക്ടോബർ മാസം ഡൽഹിയിലെ ബിർള മന്ദിരത്തിൽ വച്ച് ഗാന്ധിജിയുടെ 50-ാം ജന്മദിനവാർഷികം ആഘോഷിച്ചു. ആ ആഘോഷത്തിൽ നെഹ്റു, അന്നത്തെ ആഭ്യന്തരമന്ത്രി ശ്രീ. സർദാർ വല്ലഭഭായിപട്ടേൽ, അന്നത്തെ ഗവർണർ ജനറൽ മൗണ്ട് ബാറ്റൺ പ്രഭുവിന്റെ പത്നി തുടങ്ങിയവർ സംബന്ധിക്കുകയുണ്ടായി. അന്ന് ഇന്ത്യ-പാകിസ്താൻ വിഭജനത്തെത്തുടർന്നുണ്ടായ കലഹങ്ങളും കൊള്ളയും തീ വെയ്പും തുടർന്നുകൊണ്ടിരുന്നു. അപ്പോൾ ഗാന്ധി അവർകൾ വളരെ ദുഃഖത്തോടെ എന്റെ രാജ്യം ഹിന്ദു മുസ്ലീം സംഘർഷങ്ങളാൽ കത്തിയമർന്നുകൊണ്ടിരിക്കുമ്പോൾ എന്റെ ജന്മനാൾ ആരും ആഘോഷമാക്കേണ്ട. ദൈവമേ, ഒന്നുകിൽ ഈ തീയെ അണയ്ക്കുക. അല്ലെങ്കിൽ എന്നെ നിന്റെ അടുക്കലേയ്ക്ക് വിളിച്ചു കൊൾക എന്നു പറഞ്ഞപ്പോൾ ആ മന്ദിരം മുഴുവനും നിശബ്ദമായി. അതാണ് മഹാത്മാഗാന്ധി അവർകളുടെ അവസാന ജന്മദിന ആഘോഷം. അടുത്ത ജന്മദിനം ആഘോഷിക്കുവാൻ നാഥുറാം ഗോഡ്സെയും RSS സംഘടനയും അദ്ദേഹത്തെ അനുവദിച്ചില്ല.

## നന്ദി

Bank NEFT, MO, DD ആയി നല്കിയ കൂട്ടായ്മകൾ എല്ലാം ലഭിച്ചു. നിങ്ങളെഴുതിയ എല്ലാ വിഷയങ്ങൾക്കായും ഞാൻ പ്രാർത്ഥിക്കുന്നു. തുടർന്നും പ്രാർത്ഥിക്കും.

## മഹാത്മാഗാന്ധിയുടെ 150–ാം ജന്മവാർഷികം



മഹാത്മാഗാന്ധി അവർകൾ തന്റെ വിദ്യാഭ്യാസം, പദവി, സമ്പാദ്യം എല്ലാം ഉപേക്ഷിച്ച് ഇന്ത്യയെ ഒരു ജനാധിപത്യരാജ്യമാക്കിമാറ്റി നമുക്ക് സ്വാതന്ത്ര്യം വാങ്ങിതന്ന ഗാന്ധിജിയുടെ 150–ാം ജനനവർഷമാണ് 2019. അദ്ദേഹത്തിന്റെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളെ നാം ഈ നാളുകളിൽ ഓർക്കുന്നത് അദ്ദേഹത്തോടുള്ള നന്ദി സൂചകമായിരിക്കും.

**OCTOBER - 2019**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.